നം.എം4/62954/2012/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി:30/10/2012.

## സർക്കുലർ

**വിഷയം:-** ആരോഗ്യതാരകം വീഡിയോ ഡോക്യുമെന്ററി മത്സരം -സംബന്ധിച്ച്

**സൂചന:-** എസ്.എച്ച്/7148/2009(i) തീയതി 12.10.2012 NRHM.

*******

ശാരീരികവും മാനസികവുമായി ആരോഗ്യമുള്ള ഒരു സമൂഹത്തെ സാക്ഷാൽക്കരിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പും എൻ. ആർ.എച്ച്.എം ഉം ചേർന്നുകൊണ്ട് ഹയർ സെക്കന്ററി ഹൈസ്കൂൾ വിഭാഗത്തിലുള്ള കുട്ടികൾക്കായി "ആരോഗ്യതാരകം" എന്ന 10 മിനിറ്റിലധികമില്ലാത്ത വീഡിയോ ഡോക്യാമെന്ററി മത്സരം നടത്തുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന സ്കൂളുകൾ നവംബർ 15- നു മുമ്പായി ഓൺ ലൈനിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഫോറത്തിനും www.arogyatharakamvediofest2012.org എന്ന NRHM -ന്റേയോ, C-Dit -ന്റേയോ വെബ് സൈറ്റുകൾ സന്ദർശിക്കാവുന്നതാണ്.

ഒരു സ്കൂളിൽ നിന്ന് മൂന്നു കുട്ടികൾക്കും ഒരദ്ധ്യാപകനും അടങ്ങുന്ന ടീമിന് മത്സരത്തിൽ പങ്കെടുക്കാം. താഴെ പറയുന്ന വിഷയങ്ങൾ ഏതെങ്കിലും അടിസ്ഥാനമാക്കി സ്ക്രിപ്റ്റ് തയ്യാറാക്കി നവംബർ 30-നു മുമ്പായി പ്രസ്തുത വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യണം. സംസ്ഥാനതലത്തിൽ ഒരു വിദഗ്ദ്ധ സമിതി സ്ക്രിപ്റ്റുകൾ പരിശോധിച്ച് 50 എണ്ണം തെരഞ്ഞെടുക്കും. ഇങ്ങനെ തെരഞ്ഞെടുത്ത സ്കൂളുകളിലെ ടീമിന് ഡിസംബർ മാസത്തിൽ സംസ്ഥാനതലത്തിൽ പരിശീലനം നൽകുകയും 15000 രൂപ വീതം ഡോക്യുമെന്ററി നിർമ്മിക്കുന്നതിന് നൽകുകയും ചെയ്യും. ഫെബ്രുവരി 15 നു മുമ്പായി ആരോഗ്യതാരകം വീഡിയോ ഡോക്യാമെന്ററി C-Dit തിരുവനന്തപുരത്തിന് നൽകണം. ഏപ്രിൽ മാസത്തിൽ വീഡിയോ ഫെസ്റ്റ് നടത്തുന്നതാണ്.

## വിഷയങ്ങൾ

സാംക്രമീകരവും അല്ലാത്തതുമായ രോഗങ്ങൾ (Communicable and Noncommunicable diseases)

ലഹരി വസ്തുക്കളുടെ ഉപയോഗം (Substance Abuse)

കൗമാര പ്രശ്നങ്ങൾ (Adolescent Issues)

ഇന്റർനെറ്റിന്റെ ആരോഗ്യപ്രദമായ ഉപയോഗം (Internet application and health)

ലിംഗ ബോധവൽക്കരണം (Gender Sensitivity)

ശരിയായ ഭക്ഷണശീലങ്ങൾ (Food Habits)

പോഷകാഹാരത്തിന്റെ ആവശ്യകത (Importance of Micro nutrients)

രോഗപ്രതിരോധവൽക്കരണത്തിന്റെ പ്രാധാന്യം (Immunisation)

സുസ്ഥിരമായ പരിസ്ഥിതി (Healthy Environment)

ഉൾചേർന്ന വിദ്യാഭ്യാസം (Inclusive Education)

## തീയ്യതികൾ

ഓൺലൈൻ രജിസ്ട്രേഷൻ - നവംബർ 15 - നു മുമ്പ്

സ്ക്രിപ്റ്റ് അപ് ലോഡിംഗ് - നവംബർ 30 - നു മുമ്പ്

ശില്പശാല - ഡിസംബർ 2012

ഡോക്യുമെന്ററി സമർപ്പണം - ഫെബ്രുവരി 15 - നു മുമ്പ്

വീഡിയോ ഫെസ്റ്റ് - ഏപ്രിൽ 2013

## നിബന്ധനകൾ

- ഡോക്യുമെന്ററി ഫിലിമിന്റെ ദൈർഘ്യം 10 മിനിറ്റിൽ അധികരിക്കരുത്.
- സ്ക്രിപ്റ്റുകൾ www.arogyatharakamvediofest2012.org-ൽ അപ്ലോഡ് ചെയ്യണം.
- 50 സ്ക്രിപ്റ്റുകൾ ആണ് സംസ്ഥാത തലത്തിൽ തെരഞ്ഞെടുക്കുന്നത്.
- തെരഞ്ഞെടുത്ത സ്കൂളുകളുടെ പ്രിൻസിപ്പൾ/പ്രധാന അദ്ധ്യാപകന്റെ പേരിൽ 15000/- രൂപ വീഡിയോ നിർമ്മാണത്തിന് നൽകുന്നതാണ്.
- ഹെൽത്ത് ക്ലബ്ബിന്റെ സഹായത്താലാണ് വീഡിയോ ഡോക്യുമെന്ററി നിർമ്മിക്കേണ്ടത്.
- ഹെൽത്ത് ക്ലബ്ബിന്റെ ചുമതലയുള്ള അദ്ധ്യാപകനായിരിക്കും വീഡിയോ ഡോക്യുമെന്ററി നിർമ്മാണത്തിന്റെ നോഡൽ ഓഫീസർ.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

ആർ.വി.31.10.12